# राष्ट्रीय उच्चतर शिक्षा अभियान

## RASHTRIYA UCHCHATAR SHIKSHA ABHIYAN (RUSA)
## KERALA STATE PROJECT DIRECTORATE

GOVERNMENT SANSKRIT COLLEGE CAMPUS, UNIVERSITY P.O
THIRUVANANTHAPURAM - 695 034, Ph: 0471-2303036, E-mail: keralarusa@gmail.com

30/4/25

**No. A1/50/2025/RUSA-SPD** തീയതി **30-04-2025**

പ്രേക്ഷിതൻ

സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ

സ്വീകർത്താവ്

ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ വകുപ്പ്,
വികാസ് ഭവൻ, തിരുവനന്തപുരം

രജിസ്ട്രാർ,
കേരള/ എം.ജി/ കുസാറ്റ്/ കാലിക്കറ്റ്/ കണ്ണൂർ സർവ്വകലാശാല

സർ,

വിഷയം :- റൂസ-എസ്.പി.ഡി - റൂസയിൽ റിസർച്ച് ഓഫീസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- നോട്ടിഫിക്കേഷൻ നം.എ1/50/2025/റൂസ-എസ്.പി.ഡി തീയതി 27/04/2025

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)യുടെ തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ റിസർച്ച് ഓഫീസർ തസ്തികയിലെ രണ്ട് (2) ഒഴിവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് താങ്കളുടെ സ്ഥാപനത്തിന്റെ വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും താൽപ്പര്യമുള്ള അദ്ധ്യാപകരുടെ ബയോഡാറ്റായും നിരാക്ഷേപ പത്രവും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
**RIGI A SUNNY**
**FINANCE OFFICER**
സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർക്കുവേണ്ടി

അംഗീകാരത്തോടെ

RAS
KE
GOV
THIRU

<u>നോട്ടിഫിക്കേഷൻ നം. എ1/50/2025/റൂസ-എസ്.പി.ഡി തീയതി 27-04-2025</u>

<u>റൂസയിൽ റിസർച്ച് ഓഫീസർ (അന്യത്ര സേവനം) അപേക്ഷ ക്ഷണിച്ചു</u>

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)യുടെ തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ റിസർച്ച് ഓഫീസർ തസ്തികയിലെ രണ്ട് (2) ഒഴിവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയോ സർക്കാർ/എയിഡഡ് കോളേജുകളിലെയോ അസിസ്റ്റന്റ്/ അസോസ്സിയേറ്റ് പ്രൊഫസർ തസ്തികയിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്. റൂസ/പി.എം.ഉഷ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർവ്വകലാശാലകൾ/കോളേജുകൾ സമർപ്പിക്കുന്ന ഡി.പി.ആർ-കളുടെ പരിശോധന, പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉപദേശം നൽകൽ, ഉന്നത വിദ്യാഭ്യാസ മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിക്കേണ്ടുന്ന രേഖകൾ തയ്യാറാക്കൽ തുടങ്ങിയവ റിസർച്ച് ഓഫീസർ തസ്തികയുടെ ചുമതലകളിൽ ഉൾപ്പെടുന്നതാണ്. താൽപ്പര്യമുള്ളവർ അധികാരികളിൽ നിന്നുള്ള നിരാക്ഷേപ പത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ റൂസ സംസ്ഥാന കാര്യാലയത്തിൽ ലഭിക്കേണ്ട <u>അവസാന തീയതി 09/05/2025 (വെള്ളിയാഴ്ച) 5.00 P.M.</u> <u>വിലാസം - സ്റ്റേറ്റ് പ്രൊജക്ട് കോ-ഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ്, യൂണിവേഴ്സിറ്റി പി.ഓ., തിരുവനന്തപുരം - 695034</u>. <u>ഇ-മെയിൽ : keralarusa@gmail.com, ഫോൺ നമ്പർ - 0471 2303036.</u>

Signed by
Sudhir K
Date: 27-04-2025 23:58:18

Sudhir K IAS
RUSA STATE PROJECT CO-ORDINATOR

Dep